LIBRARY ARCHIVES Kerala Legislative Assembly

നിലവിലുള്ള ഡ്രൈവിംഗ് സ്കൂൾ സംവിധാനം നിലനിർത്തിക്കൊണ്ട് തന്നെയാണ് അക്രെഡിറ്റഡ് ഡ്രൈവിംഗ് ടെയിനിംഗ് സെന്ററുകൾക്ക് അനുമതി നൽകുന്നതിന് വ്യവസ്ഥ ചെയ്തിട്ടുള്ളത്. ആയതിനാൽ പരിശീലനാർത്ഥികൾക്ക് അവരവരുടെ താല്പര്യപ്രകാരം പരിശീലന സ്ഥാപനം തെരഞ്ഞെടുക്കാൻ സ്വാതന്ത്ര്യമുണ്ട്. എന്നാൽ കൂടുതൽ നിലവാരമുള്ള പരിശീലന സൗകര്യങ്ങളും സിലബസും പുതുക്കിയ ചട്ടത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഈ ചട്ടം അനുസരിച്ച് നിലവിൽ വരുന്ന സ്ഥാപനങ്ങളിലെ കോഴ്സ് ഫീ തുടങ്ങിയ ചെലവുകൾ സംബന്ധിച്ച് വ്യക്തത ഉണ്ടായാൽ മാത്രമെ ജനങ്ങൾക്കുണ്ടാകുന്ന അധിക ബാദ്ധ്യത വിലയിരുത്താൻ സാധിക്കുകയുള്ളൂ.

ടൂറിസ്റ്റ് വാഹനങ്ങൾക്ക് നികുതി ഇളവ്

201 (4589) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് വ്യാപനംമൂലം പ്രതിസന്ധിയിലായ ടൂറിസ്റ്റ് വാഹന മേഖലയെ സംരക്ഷിക്കുന്നതിനെന്ത് നടപടികളാണ് സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ?

കോവിഡ് വ്യാപനംമൂലം പ്രതിസന്ധിയിലായ ടൂറിസ്റ്റ് വാഹന മേഖലയെ സംരക്ഷിക്കുന്നതിനായി വിവിധ കാലയളവിലേയ്ക്കുള്ള ത്രൈമാസ നികുതി ഒഴിവാക്കുകയും അടയ്ക്കുന്നതിനുള്ള സമയം നീട്ടി നൽകുകയും ചെയ്തിട്ടുണ്ട്.

(ബി) ടൂറിസ്റ്റ് വാഹനങ്ങൾക്ക് നികുതി ഇളവ് നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

&

(സി) ഇല്ലെങ്കിൽ ഉടൻ നടപടി സ്വീകരിക്കുമോ?

(ബി&സി) നൽകിയിട്ടുള്ള നികുതി ഇളവുകളുടെ വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു. തുടർന്ന് ഇളവുകൾ നൽകുന്ന വിഷയം പരിഗണനയിലാണ്.

കോൺട്രാക്ട് കാര്യേജ് വാഹനങ്ങളുടെ നികുതി

202 (4590) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് പ്രതിസന്ധിയിൽ ഓടാൻ കഴിയാത്ത ടൂറിസ്റ്റ് വാഹനങ്ങളുടെ നികുതി ഒഴിവാക്കുന്നകാര്യം പരിഗണിക്കുമോ?

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

ടൂറിസ്റ്റ് വാഹനങ്ങളടക്കമുള്ള കോൺട്രാക്ട് കാര്യേജ് വാഹനങ്ങൾക്ക് 1-4-2020 മുതൽ ഏതാനും ക്വാർട്ടറുകളിലെ നികുതി ഒഴിവാക്കുകയും അടയ്ക്കുന്നതിനുള്ള സമയം നീട്ടി നൽകുകയും ചെയ്തിട്ടുണ്ട്. ഓടാത്ത വാഹനങ്ങൾക്ക് G-Form നൽകി നികുതി പൂർണ്ണമായും ഒഴിവാക്കാവുന്നതാണ്. പ്രസ്തുത വാഹനങ്ങളുടെ 1-4-2021, 1-7-2021 ക്വാർട്ടറുകളിലെ നികുതി ഒഴിവാക്കുന്നകാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) കോവിഡ് പ്രതിസന്ധിയിൽ സർവ്വീസ് നിർത്തിവച്ച ടൂറിസ്റ്റ് വാഹനങ്ങളുടെ പെർമിറ്റ് പുതുക്കുന്നതിനും, ഇൻഷ്വറൻസ്, വാഹനനികുതി എന്നിവ അടയ്ക്കുന്നതിനും സാവകാശം അനുവദിക്കുമോ?

സർവ്വീസ് നിർത്തിവച്ച ടൂറിസ്റ്റ് വാഹനങ്ങളുടെ പെർമിറ്റ് പുതുക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ 17-6-2021-ലെ RT-11036/35/2020-MVL ഉത്തരവുപ്രകാരം 30-9-2021 വരെ സാവകാശം നൽകിയിട്ടുണ്ട്. വാഹന നികുതി അടക്കുന്നതിന് കാലാവധി നീട്ടി നൽകിയതിന്റേയും ഒഴിവാക്കിയതിന്റേയും വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

(സി) വാഹന ഉടമകളുടെ ബാങ്ക് വായ്പയുടെ തിരിച്ചടവിന് സാവകാശം അനുവദിക്കുന്നതിന്, സംസ്ഥാന ബാങ്കേഴ്സ് സമിതിയുടെ യോഗം വിളിച്ചുചേർത്ത് അടിയന്തര പരിഹാരം ഉണ്ടാക്കുവാൻ സർക്കാർ തയ്യാറാകുമോ; വിശദമാക്കാമോ?

ഇൻഷ്വറൻസ്, ലോൺ തിരിച്ചടവ് തുടങ്ങിയ കാര്യങ്ങളിൽ കേന്ദ്ര സർക്കാരും ബാങ്കുകളുമാണ് തീരുമാനമെടുക്കേണ്ടത്. ഇക്കാര്യത്തിൽ സംസ്ഥാന സർക്കാർ ആവശ്യം ഉന്നയിച്ചിട്ടുണ്ട്.

കൊച്ചി മെട്രോപോളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി

203 (4591) ശ്രീ. കെ. ജെ. മാക്സി:
ശ്രീ. ആന്റണി ജോൺ:
ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ:
ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുഗതാഗത മേഖലയിൽ വിപ്ലവകരമായ മാറ്റം സൃഷ്ടിക്കാൻ കഴിയുന്ന കൊച്ചി മെട്രോപോളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റിയുടെ പ്രാരംഭ പ്രവർത്തനങ്ങളുടെ പുരോഗതി വിവരിക്കാമോ?

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.